വാരാന്ത്യപതിപ്പ് ലക്കം-60 | JULY 10 - JULY 16

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## എൻ.എസ്.എസ് വാർത്തകൾ

സോഷ്യോപോഡ്സ്
പേജ് 1

ലോക ജനസംഖ്യ ദിനം
പേജ് 2

വേൾഡ് യൂത്ത് സ്കിൽസ് ഡേ
പേജ് 2

ലോക മലാല ദിനം
പേജ് 3

അക്ഷരാഗ്നി
പേജ് 3

ചോദ്യം ഉത്തരം
പേജ് 4

ചിന്താവിഷയം




## സോഷ്യോപോഡ്സ്

# എൻ.എസ്.എസ്. വാർത്തകൾ

## സോഷ്യോപോഡ്സ്

" പ്രതീക്ഷ " എന്ന വിഷയത്തിൽ സെന്റ് തോമസ് കോളേജ് ഓട്ടോണോമസ് തൃശ്ശൂരിലെ എൻ. എസ് എസ് യൂണിറ്റുകളായ 42 & 144 ചേർന്നു സോഷ്യോപോഡ്സിന്റെ അറുപത്തിയെട്ടാം എപ്പിസോഡ് ജൂലൈ പതിനൊന്ന് തിങ്കളാഴ്ച പുറത്തിറക്കി. പ്രതീക്ഷ നമ്മുടെ ജീവിതത്തിൽ വഹിക്കുന്ന പങ്കിനെക്കുറിച്ചും അവ മൂലമുണ്ടാകുന്ന ജീവിതമാറ്റങ്ങളെക്കുറിച്ചും വളന്റിയർ ഭവിത വ്യക്തമാക്കി.

## ലോക ജനസംഖ്യ ദിനം

ജൂലായ് പതിനൊന്ന് 'ലോക ജനസംഖ്യ ദിനം' ആചരിച്ചു.ആഗോള ജനസംഖ്യ പ്രശ്നങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനാണ് എല്ലാ വർഷവും ലോക ജനസംഖ്യ ദിനം ആഘോഷിക്കുന്നത്.**1989**ൽ ഐക്യരാഷ്ട്ര വികസന പരിപാടിയുടെ അന്നത്തെ ഗവേണിംഗ് കൗൺസിൽ ജനസംഖ്യ നിയന്ത്രണത്തിന്റെ ആവശ്യകതയിലും പ്രാധാന്യത്തിലും ശ്രദ്ധ കേന്ദ്രീകരിക്കാനായി ആരംഭിച്ചതാണ് ഇത്. ദിനത്തോടനുബന്ധിച്ച് എൻ എസ് എസ് വളന്റിയേഴ്സ് പോസ്റ്റർ നിർമ്മിച്ചു.



# വേൾഡ് യൂത്ത് സ്കിൽസ് ഡേ

എൻ എസ് എസ് ജൂലൈ പതിനഞ്ചിന് വേൾഡ് യൂത്ത് സ്കിൽസ് ഡേ ആചരിച്ചു. യുവാക്കൾക്ക് മെച്ചപ്പെട്ട സാമൂഹിക അന്തരീക്ഷവും സാമ്പത്തിക സാഹചര്യവും സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ദിനം ആചരിച്ചു വരുന്നത്. ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.




# ലോക മലാല ദിനം

ജൂലൈ പന്ത്രണ്ടാം തിയ്യതി ലോക മലാല ദിനം ആചരിച്ചു.വിദ്യാഭ്യാസ അവകാശത്തിനു വേണ്ടിയുള്ള പോരാട്ടത്തിലൂടെ ലോക ശ്രദ്ധ നേടിയ മലാല യൂസഫ്സായിയുടെ പിറന്നാളാണ് ഇന്ന്. ലോകമെങ്ങും പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ടി ശബ്ദമുയർത്താനുള്ള മലാല ദിനം കൂടിയാണിന്ന്. 2013-ലാണ് ഐക്യരാഷ്ട്ര സംഘടന ജൂലൈ പന്ത്രണ്ട് 'മലാല ദിന' മായി പ്രഖ്യാപിച്ചത്.അന്നു മുതൽ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനു തടസ്സങ്ങൾ നേരിടുന്ന രാജ്യങ്ങളിലൂടെ സഞ്ചരിച്ചാണു മലാലയുടെ പിറന്നാളാഘോഷം.അഫ്ഗാൻ സ്വാത് താഴ്‌വരയിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസ അവകാശത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കിടെ താലിബാൻ ഭീകരരുടെ വെടിയേറ്റ മലാലയ്ക്ക് 2014-ൽ സമാധാനത്തിനുള്ള നോബൽ ലഭിച്ചു. ഇതിനോടനുബന്ധിച്ച് പേസ്റ്റർ നിർമ്മിക്കുകയും ചെയ്തു.





## അക്ഷരാഗ്നി

ഡെൻസൺ . കെ . ഡെന്നി

## ചോദ്യം ഉത്തരം

**NSS** ഔപചാരികമായി ഉദ്ഘാടനം ചെയ്തതാര്**?**

**--** വി കെ ആർ റാവു **(1969)**
**(**അന്നത്തെ കേന്ദ്ര വിദ്യാഭ്യാസ വകുപ്പ് മന്ത്രി**)**

# മറഞ്ഞു പോയ കാലം

ഓർമ്മകളിൽ ഞാൻ കാണുന്നു പഴയകാല സ്മരണകൾ

ഒരു മാമ്പഴം നുണയുന്ന മധുരമോടെ

പുസ്തകത്താളിൽ നിന്നൊഴിഞ്ഞുപോയ മഴയിൽപീലി തുണ്ടുകൾ

ചെറുചാറ്റൽ മഴയിൽ കുഞ്ഞു കൈവിരലുകൾ തട്ടി ഒഴുകുന്ന കടലാസ് വഞ്ചികൾ

തണ്ണീർകൂടങ്ങളാൽ നിറയുന്ന വേലിപടർപ്പുകൾ

ഇനിയുമുണ്ടേറെ ഓർമ്മകൾ എൻ ഹൃദയത്തിൻ ചെപ്പിൽ



## ചിന്താവിഷയം

വിജയം എന്നത് യാദൃശ്ചികമല്ല... അത്
കഠിനാധ്വാനവും,നിരന്തരപ്രയത്നവും,അറിവും,ത്യാഗവും,അതിലെല്ലാം ഉപരി
ചെയ്യുന്ന പ്രവൃത്തിയോടുള്ള സ്നേഹവുമാണ്...

- പെലെ

@nss_stc_42_144